# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3668 — 20.06.2018 – ൽ മറുപടിക്ക്

## റേഷൻ കാർഡ് വിഭജിച്ച് നൽകുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) റേഷൻ കാർഡ് വിഭജിച്ച് പുതിയ റേഷൻ കാർഡ് നൽകുന്നത് എന്നു മുതലാണ് നിർത്തി വച്ചത്;വിശദമാക്കുമോ; | (എ) 2014 ജൂലൈയിലാണ് സംസ്ഥാനത്ത് റേഷൻ കാർഡ് വിഭജിച്ച് പുതിയ റേഷൻ കാർഡുകൾ അവസാനമായി അനുവദിച്ചത്. |
| (ബി) നിലവിലുള്ള റേഷൻ കാർഡിൽ നിന്നും പേരു വെട്ടി മാറ്റി പുതിയ റേഷൻ കാർഡ് എടുക്കുന്നതിന് നിരവധി അപേക്ഷകർ ഉണ്ടെന്നുള്ളത് കണക്കിലെടുത്ത് ആവശ്യമായ നടപടി സ്വീകരിക്കുമോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) നിലവിലുള്ള റേഷൻ കാർഡിൽ നിന്നും പേരു വെട്ടി മാറ്റി പുതിയ റേഷൻ കാർഡ് എടുക്കുന്നതിനുള്ള അപേക്ഷകൾ ജൂൺ മാസം മുതൽ സ്വീകരിച്ച് തുടങ്ങുന്നതിനും അവ അതാത് താലൂക്ക് സപ്ലൈ ഓഫീസുകളിൽ നിന്ന് തന്നെ അച്ചടിച്ച് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ